ഭാരത സർക്കാർ
നിയമ മന്ത്രാലയം

# ദിവാസ്വപ്ന പ്രകൃതിയും മസ്തിഷ്ക തളർവാതവും ബുദ്ധിമാന്ദ്യവും ബഹുവിധ വൈകല്യങ്ങളുമുള്ള ആളുകളുടെ ക്ഷേമത്തിനുവേണ്ടിയുള്ള ദേശീയ ട്രസ്റ്റ് ആക്റ്റ്, 1999

## (1999-ലെ 44-ാം നമ്പർ ആക്റ്റ്)

(2006 മാർച്ച് 30-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE NATIONAL TRUST FOR WELFARE OF PERSONS WITH AUTISM, CEREBRAL PALSY, MENTAL RETARDATION AND MULTIPLE DISABILITIES ACT, 1999

## (ACT No. 44 OF 1999)

(As on 30th March, 2006)

വില: രൂപ 31.00

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട് തിരുവനന്തപുരം സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്, 2006.

## ആമുഖം

2006 മാർച്ച് 30-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള ദിവാസ്വപ്ന പ്രകൃതിയും മസ്തിഷ്ക തളർവാതവും ബുദ്ധിമാന്ദ്യവും ബഹുവിധ വൈകല്യങ്ങളുമുള്ള ആളുകളുടെ ക്ഷേമത്തിനുവേണ്ടിയുള്ള ദേശീയ ട്രസ്റ്റ് ആക്റ്റ്, 1999 (1999-ലെ 44-ാം ആക്റ്റ്)-ന്റെ മലയാളത്തിലെ ആധികാരികപാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2006 ജൂലൈ 17-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ്, 1-ാം വാല്യം, 1-ാം നമ്പരായി 1 മുതൽ 14 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലെ ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

ഡോ. കെ. എൻ. ചതുർവേദി,

*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This Edition of the National Trust for Welfare of Persons with Autism, Cerebral Palsy, Mental Retardation and Multiple Disabilities Act, 1999 (Act 44 of 1999) as on 30th March, 2006 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section I, Vol. I, No. 1 dated 17th July, 2006 on pages 1 to 14.

This authorised translation was published under the authority of the President under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

DR. K. N. CHATURVEDI,

*Secretary to the Government of India.*

3/3829/06.

# ദിവാസ്വപ്ന പ്രകൃതിയും മസ്തിഷ്ക തളർവാതവും ബുദ്ധിമാന്ദ്യവും ബഹുവിധ വൈകല്യങ്ങളുമുള്ള ആളുകളുടെ ക്ഷേമത്തിനു വേണ്ടിയുള്ള ദേശീയ ട്രസ്റ്റ്

## ആക്റ്റ്, 1999

(1999-ലെ 44-ാം നമ്പർ ആക്റ്റ്)

## ഉള്ളടക്കം

### അദ്ധ്യായം I

### പ്രാരംഭികം


| വകുപ്പുകൾ | | | പേജ് |
|---|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും | .. | 1 |
| 2. | നിർവചനങ്ങൾ | .. | 1 |


### അദ്ധ്യായം II

### ദിവാസ്വപ്ന പ്രകൃതിയും, മസ്തിഷ്ക തളർവാതവും, ബുദ്ധിമാന്ദ്യവും, ബഹുവിധ വൈകല്യങ്ങളുമുള്ള ആളുകളുടെ ക്ഷേമത്തിനുവേണ്ടിയുള്ള ദേശീയ ട്രസ്റ്റ്


| | | | |
|---|---|---|---|
| 3. | ദിവാസ്വപ്ന പ്രകൃതി, മസ്തിഷ്ക തളർവാതം, ബുദ്ധിമാന്ദ്യം, ബഹുവിധ വൈകല്യങ്ങൾ മുതലായവയുള്ള ആളുകളുടെ ക്ഷേമത്തിനുവേണ്ടിയുള്ള ദേശീയ ട്രസ്റ്റിന്റെ രൂപീകരണം | .. | 2 |
| 4. | ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഉദ്യോഗ കാലാവധി, ബോർഡിന്റെ യോഗം മുതലായവ | .. | 3 |
| 5. | ചെയർപേഴ്സന്റെയും അംഗങ്ങളുടെയും രാജി | .. | 4 |
| 6. | അയോഗ്യതകൾ | .. | 4 |
| 7. | അംഗങ്ങൾ ഉദ്യോഗം ഒഴിഞ്ഞുകൊടുക്കൽ | .. | 4 |
| 8. | ട്രസ്റ്റിന്റെ മുഖ്യ നിർവാഹക ആഫീസറും ജീവനക്കാരും | .. | 5 |
| 9. | ബോർഡിലെ ഒഴിവുകൾ, പ്രവൃത്തികൾ മുതലായവയെ അസാധുവാക്കുന്നതല്ലെന്ന് | .. | 5 |


### അദ്ധ്യായം III

### ട്രസ്റ്റിന്റെ ഉദ്ദേശ്യങ്ങൾ


| | | | |
|---|---|---|---|
| 10. | ട്രസ്റ്റിന്റെ ഉദ്ദേശ്യങ്ങൾ | .. | 5 |


### അദ്ധ്യായം IV

### ബോർഡിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും


| | | | |
|---|---|---|---|
| 11. | ബോർഡിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും | .. | 6 |


### അദ്ധ്യായം V

### രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമം


| | | | |
|---|---|---|---|
| 12. | രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമം | .. | 7 |

അദ്ധ്യായം VI

**തദ്ദേശതല സമിതികൾ**


13. തദ്ദേശതല സമിതികളുടെ രൂപീകരണം .. 7

14. രക്ഷാകർത്തൃത്വത്തിനുള്ള നിയമനം .. 8

15. രക്ഷാകർത്താവിന്റെ കർത്തവ്യങ്ങൾ .. 8

16. രക്ഷാകർത്താവ് വസ്തു വിവരപ്പട്ടികയും വാർഷിക കണക്കുകളും നൽകണമെന്ന് .. 8

17. രക്ഷാകർത്താവിനെ നീക്കം ചെയ്യൽ .. 9


അദ്ധ്യായം VII

**ഉത്തരവാദിത്വവും തുടർച്ചയായ നിരീക്ഷണവും**


18. ഉത്തരവാദിത്വം .. 9

19. തുടർച്ചയായ നിരീക്ഷണം .. 9

20. വാർഷികപൊതുയോഗം .. 10


അദ്ധ്യായം VIII

**ധനകാര്യവും അക്കൗണ്ടുകളും ആഡിറ്റും**


21. കേന്ദ്രസർക്കാരിന്റെ സഹായധനങ്ങൾ .. 10

22. നിധി .. 10

23. ബജറ്റ് .. 10

24. അക്കൗണ്ടുകളും ആഡിറ്റും .. 10

25. വാർഷിക റിപ്പോർട്ട് .. 11

26. ഉത്തരവുകൾ മുതലായവയുടെ പ്രമാണീകരണം .. 11

27. റിട്ടേണുകളും വിവരങ്ങളും .. 11


അദ്ധ്യായം IX

**പലവക**


28. നിർദ്ദേശങ്ങൾ നൽകുന്നതിന് കേന്ദ്രസർക്കാരിനുള്ള അധികാരം .. 11

29. ബോർഡിനെ വിസ്ഥാപനം ചെയ്യുന്നതിന് കേന്ദ്രസർക്കാരിനുള്ള അധികാരം .. 12

30. ആദായത്തിന്മേലുള്ള നികുതിയിൽനിന്നും ഒഴിവാക്കൽ .. 12

31. ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം .. 12

32. ട്രസ്റ്റിലെ ചെയർപേഴ്സണും അംഗങ്ങളും ആഫീസർമാരും പബ്ലിക് സെർവന്റുമാരായിരിക്കുമെന്ന് .. 13

33. പ്രത്യായോജനം ചെയ്യൽ .. 13

34. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം .. 13

35. റഗുലേഷനുകൾ ഉണ്ടാക്കുവാനുള്ള അധികാരം .. 14

36. ചട്ടങ്ങളും റഗുലേഷനുകളും പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന് .. 14

# ദിവാസ്വപ്ന പ്രകൃതിയും മസ്തിഷ്ക തളർവാതവും ബുദ്ധിമാന്ദ്യവും ബഹുവിധ വൈകല്യങ്ങളുമുള്ള ആളുകളുടെ ക്ഷേമത്തിനു വേണ്ടിയുള്ള ദേശീയ ട്രസ്റ്റ് ആക്റ്റ്, 1999

(1999-ലെ 44-ാം നമ്പർ)

[1999 ഡിസംബർ, 30]

ദിവാസ്വപ്ന പ്രകൃതിയും മസ്തിഷ്ക തളർവാതവും ബുദ്ധിമാന്ദ്യവും ബഹുവിധ വൈകല്യങ്ങളുമുള്ള ആളുകളുടെ ക്ഷേമത്തിനുവേണ്ടി ദേശീയ തലത്തിൽ ഒരു നികായം സ്ഥാപിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് സാന്ദർഭികമോ ആയ വിഷയങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ അമ്പതാം സംവൽസരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭികം

1. ***ചുരുക്കപ്പേരും വ്യാപ്തിയും.***—(1) ഈ ആക്ററിന് ദിവാസ്വപ്ന പ്രകൃതിയും, മസ്തിഷ്ക തളർവാതവും, ബുദ്ധിമാന്ദ്യവും ബഹുവിധ വൈകല്യങ്ങളുമുള്ള ആളുകളുടെ ക്ഷേമത്തിനുവേണ്ടി യുള്ള ദേശീയ ട്രസ്റ്റ് ആക്റ്റ്, 1999 എന്ന് പേര് പറയാവുന്നതാണ്.

(2) ഇതിന് ജമ്മു-കാശ്മീർ സംസ്ഥാനം ഒഴികെയുള്ള ഭാരതം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

2. ***നിർവചനങ്ങൾ.***—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "ദിവാസ്വപ്ന പ്രകൃതി" എന്നാൽ ആവർത്തിച്ചുള്ളതും കർമ്മാനുഷ്ഠാന പ്രധാനമായ തുമായ ശീലം പ്രകടമാക്കുന്ന, പ്രധാനമായും ഒരാളുടെ, ആശയവിനിമയപരവും സാമൂഹികവുമായ കഴിവുകളെ ബാധിക്കുന്ന, ക്രമരഹിതമായ ബുദ്ധിവികാസത്തിന്റെ ഒരു അവസ്ഥ എന്നർത്ഥമാകുന്നു;

(ഖ) "ബോർഡ്" എന്നാൽ 3-ാം വകുപ്പു പ്രകാരം രൂപീകരിച്ച ട്രസ്റ്റികളുടെ ബോർഡ് എന്നർത്ഥമാകുന്നു;

(ഗ) "മസ്തിഷ്ക തളർവാതം" എന്നാൽ മസ്തിഷ്കത്തിന്റെ ക്രമരഹിതമായ പ്രവർത്തന ത്തിനാലോ ജനനത്തിനുമുമ്പോ ജനനവുമായി ബന്ധപ്പെട്ടോ വളർച്ചയുടെ ശൈശവദശയിലോ സംഭവിച്ച മസ്തിഷ്ക ക്ഷതത്താലോ മുറിവിനാലോ ഉളവാകുന്ന അസാധാരണമായ മോട്ടോർ കൺട്രോൾ പോസ്ചർ എന്ന് വിശേഷിപ്പിക്കാവുന്ന, ഒരാളുടെ വളർച്ചരഹിതാവസ്ഥയുടെ ഒരു ഗണം എന്നർത്ഥമാകുന്നു;

(ഘ) "ചെയർപേഴ്സൺ" എന്നാൽ 3-ാം വകുപ്പ് (4)-ാം ഉപവകുപ്പ് (ക) ഖണ്ഡ പ്രകാരം നിയമിക്കപ്പെട്ട ബോർഡിന്റെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;

(ങ) "മുഖ്യകാര്യനിർവാഹക ആഫീസർ" എന്നാൽ 8-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം നിയമിക്കപ്പെട്ട മുഖ്യകാര്യനിർവാഹക ആഫീസർ എന്നർത്ഥമാകുന്നു;

(ച) "അംഗം" എന്നാൽ ബോർഡിന്റെ ഒരംഗം എന്നർത്ഥമാകുന്നതും ചെയർപേഴ്സൺ ഉൾപ്പെടുന്നതുമാകുന്നു;

(ഛ) "ബുദ്ധിമാന്ദ്യം" എന്നാൽ ഒരാളുടെ വിഘാതമായ അല്ലെങ്കിൽ അപൂർണ്ണമായ മാനസിക വികാസം, പ്രത്യേകിച്ച് അത് സാധാരണത്വത്തിലും കുറഞ്ഞ ബുദ്ധി എന്ന് വിശേഷിപ്പി ക്കാവുന്ന ഒരു അവസ്ഥ എന്നർത്ഥമാകുന്നു;

(ജ) "ബഹുവിധ വൈകല്യങ്ങൾ" എന്നാൽ വൈകല്യങ്ങളുള്ള ആളുകൾ (തുല്യ അവസരങ്ങളും അവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും) ആക്റ്റ്, 1995 (1996-ലെ 1) 2-ാം വകുപ്പ് (ഗ) ഖണ്ഡത്തിൽ നിർവചിക്കപ്പെട്ടിട്ടുള്ള രണ്ടോ അതിലധികമോ വൈകല്യങ്ങളുടെ സംയോജനം എന്നർത്ഥമാകുന്നു;

(ഝ) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ഞ) "വൈകല്യമുള്ള ആൾ" എന്നാൽ ദിവാസ്വപ്ന പ്രകൃതി, മസ്തിഷ്ക തളർവാതം, ബുദ്ധിമാന്ദ്യം എന്നിവയുമായി ബന്ധപ്പെട്ട ഏതെങ്കിലും അവസ്ഥയാൽ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും രണ്ടോ അതിലധികമോ അവസ്ഥകളുടെ സംയോജനത്താൽ ദുരിതമനുഭവിക്കുന്ന ഒരാൾ എന്നർത്ഥമാകുന്നതും ഗുരുതരമായ ബഹുവിധ വൈകല്യങ്ങളാൽ ദുരിതമനുഭവിക്കുന്ന ഒരാൾ ഉൾപ്പെടുന്നതുമാകുന്നു;

(ട) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഠ) "പ്രൊഫഷണൽ" എന്നാൽ വൈകല്യമുള്ള ആളുകളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്ന ഒരു മേഖലയിൽ പ്രത്യേക വൈദഗ്ദ്ധ്യമുള്ള ഒരാൾ എന്നർത്ഥമാകുന്നു;

(ഡ) "രജിസ്റ്റർ ചെയ്യപ്പെട്ട സംഘടന" എന്നാൽ 12-ാം വകുപ്പു പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട, അതത്സംഗതിപോലെ, വൈകല്യമുള്ള ആളുകളുടെ ഒരു സമാജം അല്ലെങ്കിൽ വൈകല്യമുള്ള ആളുകളുടെ മാതാപിതാക്കളുടെ ഒരു സമാജം അല്ലെങ്കിൽ ഒരു സന്നദ്ധസംഘടന എന്നർത്ഥമാകുന്നു;

(ഢ) "റഗുലേഷനുകൾ" എന്നാൽ ബോർഡ് ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ റഗുലേഷനുകൾ എന്നർത്ഥമാകുന്നു;

(ണ) "ഗുരുതരമായ വൈകല്യം" എന്നാൽ ഒന്നോ അതിലധികമോ ബഹുവിധ വൈകല്യങ്ങളുടെ എൺപത് ശതമാനമോ അതിലധികമോ ഉള്ള വൈകല്യം എന്നർത്ഥമാകുന്നു;

(ത) "ട്രസ്റ്റ്" എന്നാൽ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം രൂപീകരിച്ച ദിവാസ്വപ്ന പ്രകൃതിയും മസ്തിഷ്ക തളർവാതവും, ബുദ്ധിമാന്ദ്യവും ബഹുവിധ വൈകല്യവുമുള്ള ആളുകളുടെ ക്ഷേമത്തിനുവേണ്ടിയുള്ള ദേശീയ ട്രസ്റ്റ് എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## ദിവാസ്വപ്ന പ്രകൃതിയും, മസ്തിഷ്ക തളർവാതവും, ബുദ്ധിമാന്ദ്യവും, ബഹുവിധ വൈകല്യങ്ങളുമുള്ള ആളുകളുടെ ക്ഷേമത്തിനുവേണ്ടിയുള്ള ദേശീയ ട്രസ്റ്റ്

3. ***ദിവാസ്വപ്ന പ്രകൃതി, മസ്തിഷ്ക തളർവാതം, ബുദ്ധിമാന്ദ്യം, ബഹുവിധ വൈകല്യങ്ങൾ മുതലായവയുള്ള ആളുകളുടെ ക്ഷേമത്തിനുവേണ്ടിയുള്ള ദേശീയ ട്രസ്റ്റിന്റെ രൂപീകരണം.***—(1) കേന്ദ്ര സർക്കാർ, വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന അങ്ങനെയുള്ള തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം ദിവാസ്വപ്ന പ്രകൃതിയും മസ്തിഷ്ക തളർവാതവും ബുദ്ധിമാന്ദ്യവും ബഹുവിധ വൈകല്യങ്ങളുമുള്ള ആളുകളുടെ ക്ഷേമത്തിനുവേണ്ടിയുള്ള ദേശീയ ട്രസ്റ്റ് എന്ന പേരിൽ ഒരു നികായം, ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾക്കുവേണ്ടി, രൂപീകരിക്കേണ്ടതും, അത്, ശാശ്വത പിൻതുടർച്ചാവകാശവും പൊതുമുദ്രയുമുള്ളതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, സ്ഥാവരജംഗമ വസ്തുക്കൾ ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും കൈമാറ്റം ചെയ്യുന്നതിനും കരാറിലേർപ്പെടുന്നതിനും, അധികാരമുള്ളതുമായ ഒരു ഏകാംഗീകൃത നികായമായിരിക്കേണ്ടതും വ്യവഹരിക്കുന്നതും വ്യവഹരിക്കപ്പെടേണ്ടതും പ്രസ്തുത പേരിൽ ആയിരിക്കേണ്ടതുമാണ്.

(2) ട്രസ്ററിന്റെ കാര്യങ്ങളുടെയും ബിസിനസ്സുകളുടെയും പൊതുവായ മേൽനോട്ടവും സംവിധാനവും നടത്തിപ്പും ഒരു ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതും അത് ട്രസ്റ്റിന് വിനിയോഗിക്കാവുന്നതോ ചെയ്യാവുന്നതോ ആയ എല്ലാ അധികാരങ്ങളും പ്രവർത്തികളും കാര്യങ്ങളും അതിന് വിനിയോഗിക്കാവുന്നതും ചെയ്യാവുന്നതാണ്.

(3) ട്രസ്റ്റിന്റെ ഹെഡ്ഡാഫീസ് ന്യൂഡൽഹിയിൽ ആയിരിക്കുന്നതും ബോർഡിന് കേന്ദ്ര സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി ഭാരതത്തിലെ മറ്റു സ്ഥലങ്ങളിലും ആഫീസുകൾ സ്ഥാപിക്കാവുന്നതുമാണ്.

(4) ബോർഡിൽ,—

(ക) ദിവാസ്വപ്ന പ്രകൃതി, മസ്തിഷ്ക തളർവാതം, ബുദ്ധിമാന്ദ്യം, ബഹുവിധ വൈകല്യം എന്നീ മേഖലകളിൽ വൈദഗ്ദ്ധ്യവും പരിചയവുമുള്ള ആളുകളുടെ ഇടയിൽനിന്ന് കേന്ദ്രസർക്കാർ നിയമിക്കുന്ന ഒരു ചെയർപേഴ്സൺ;

(ഖ) രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനകളുടെ ഇടയിൽനിന്നും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നടപടിക്രമത്തിന് അനുസൃതമായി നിയമിക്കപ്പെടുന്ന ഒമ്പത് ആളുകൾ, അതിൽ മൂന്ന് അംഗങ്ങൾ വീതം സന്നദ്ധസംഘടനകൾ, ദിവാസ്വപ്ന പ്രകൃതിയും മസ്തിഷ്ക തളർവാതവും ബുദ്ധിമാന്ദ്യവും ബഹുവിധ വൈകല്യവുമുള്ള ആളുകളുടെ മാതാപിതാക്കളുടെ സമാജം, വൈകല്യമുള്ള ആളുകളുടെ സമാജം എന്നിവയിൽ നിന്നുമായിരിക്കണം, അംഗങ്ങൾ :

എന്നാൽ, ഈ ഖണ്ഡപ്രകാരമുള്ള ആദ്യത്തെ നിയമനം നാമനിർദ്ദേശപ്രകാരം കേന്ദ്ര സർക്കാർ നടത്തേണ്ടതാണ്.

(ഗ) സാമൂഹ്യ നീതിയും ശാക്തീകരണവും സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, ആരോഗ്യവും കുടുംബക്ഷേമവും, ധനകാര്യം, തൊഴിൽ, വിദ്യാഭ്യാസം, നഗരകാര്യവും എംപ്ലോയ്മെന്റും ഗ്രാമീണ എംപ്ലോയ്മെന്റും ദാരിദ്ര്യ നിർമ്മാർജ്ജനവും എന്നീ മന്ത്രാലയങ്ങളെയോ വകുപ്പുകളെയോ പ്രതിനിധീകരിക്കുന്നതിന് ഭാരത സർക്കാരിന്റെ ജോയിന്റ് സെക്രട്ടറി പദവിയിൽ താഴെയല്ലാത്ത ആ സർക്കാരിനാൽ നാമനിർദ്ദേശം ചെയ്യപ്പെട്ട എട്ട് ആളുകൾ, അംഗങ്ങൾ, എക്സ്ഒഫിഷ്യോ;

(ഘ) ബോർഡ് നാമനിർദ്ദേശം ചെയ്യുന്ന പരോപകാര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വ്യാപാര-വാണിജ്യ-വ്യവസായ സമാജങ്ങളെ പ്രതിനിധീകരിക്കുന്ന മൂന്ന് ആളുകൾ, അംഗങ്ങൾ;

(ങ) ഭാരതസർക്കാരിന്റെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിലുള്ള മുഖ്യനിർവാഹക ആഫീസർ, മെമ്പർ സെക്രട്ടറി, എക്സ്ഒഫിഷ്യോ,

എന്നിവർ ഉണ്ടായിരിക്കേണ്ടതാണ്.

(5) ബോർഡിന് റഗുലേഷനുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ആവശ്യങ്ങൾക്കുവേണ്ടിയും ട്രസ്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പാക്കുന്നതിന് ഏതെങ്കിലും ആളുടെ സഹായമോ ഉപദേശമോ അത് ആഗ്രഹിക്കുന്നപക്ഷം അയാളെ അതുമായി സഹകരിപ്പിക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ആളിന് ആ ആവശ്യത്തിന് പ്രസക്തമായ ചർച്ചകളിൽ പങ്കെടുക്കുന്നതിന് ഒരു അവകാശം ഉണ്ടായിരിക്കുന്നതും എന്നാൽ, ബോർഡിന്റെ ഒരു യോഗത്തിൽ വോട്ട് ചെയ്യുന്നതിന് യാതൊരു അവകാശവുമുണ്ടായിരിക്കുന്നതല്ലാത്തതും മറ്റ് ഏതെങ്കിലും ആവശ്യത്തിനുവേണ്ടി ഒരു അംഗം ആയിരിക്കാൻ പാടില്ലാത്തതുമാകുന്നു:

എന്നുമാത്രമല്ല, അപ്രകാരം സഹകരിപ്പിക്കുന്ന ആളുകളുടെ പരമാവധി എണ്ണം എട്ടിൽ കവിയാൻ പാടില്ലാത്തതും കഴിയുന്നിടത്തോളം അപ്രകാരം സഹകരിക്കുന്ന ആളുകൾ രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനയിൽപെടുന്നവരോ പ്രൊഫഷണലുകളിൽ നിന്നുള്ളവരോ ആയിരിക്കേണ്ടതുമാണ്.

4. ***ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഉദ്യോഗകാലാവധി, ബോർഡിന്റെ യോഗം മുതലായവ.***—(1) ചെയർപേഴ്സൺ അല്ലെങ്കിൽ ഒരു അംഗം, അദ്ദേഹത്തിന്റെ നിയമനത്തീയതി മുതൽ മൂന്ന് വർഷക്കാലമോ അദ്ദേഹത്തിന്റെ പിൻഗാമിയെ യഥാവിധി നിയമിക്കപ്പെടുന്നതു വരെയോ ഇതിൽ ഏതാണോ ദൈർഘ്യമുള്ളത് അത്രയും കാലം, ഉദ്യോഗം വഹിക്കേണ്ടതാണ്:

എന്നാൽ, യാതൊരാളും അയാൾക്ക് അറുപത്തിയഞ്ച് വയസ്സ് തികഞ്ഞതിനുശേഷം ചെയർപേഴ്സൺ ആയോ മറ്റ് അംഗമായോ ഉദ്യോഗം വഹിക്കാൻ പാടുള്ളതല്ല.

(2) ചെയർപേഴ്സന്റെയും മറ്റ് അംഗങ്ങളുടെയും സേവന വ്യവസ്ഥകൾ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

(3) ബോർഡിലെ ഒരു ആകസ്മിക ഒഴിവ് 3-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി നികത്തേണ്ടതും അങ്ങനെ നിയമിക്കപ്പെടുന്ന ഒരാൾ, ആരുടെ സ്ഥാനത്തേക്കാണോ അയാൾ നിയമിക്കപ്പെടുന്നത് ആ അംഗം ഉദ്യോഗം വഹിക്കുമായിരുന്ന ശേഷിച്ച കാലയളവിലേക്ക് മാത്രം, ഉദ്യോഗം വഹിക്കേണ്ടതുമാണ്.

(4) ഏതെങ്കിലും ആളെ ചെയർപേഴ്സൺ ആയോ ഒരു അംഗമായോ നിയമിക്കുന്നതിന് മുമ്പ്, അങ്ങനെയുള്ള അംഗമെന്ന നിലയിൽ അദ്ദേഹത്തിന്റെ ചുമതലകളെ ദോഷകരമായി ബാധിക്കാൻ സാദ്ധ്യതയുള്ള ഏതെങ്കിലും ധനപരമോ മറ്റ് താൽപ്പര്യമോ അദ്ദേഹത്തിന് ഇല്ലെന്നും ഉണ്ടാവുകയില്ലെന്നും കേന്ദ്രസർക്കാർ സ്വയം ബോദ്ധ്യപ്പെടേണ്ടതാണ്.

(5) ബോർഡിന്റെ യാതൊരു അംഗവും അങ്ങനെയുള്ള അംഗമായി ഉദ്യോഗം വഹിക്കുന്ന കാലയളവിൽ ട്രസ്റ്റിന്റെ ഒരു ഗുണഭോക്താവ് ആകാൻ പാടുള്ളതല്ല.

(6) റഗുലേഷനുകൾ പ്രകാരം ബോർഡിനാൽ നിശ്ചയിക്കപ്പെടാവുന്ന അങ്ങനെയുള്ള സമയത്തും സ്ഥലത്തും കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കലെങ്കിലും ബോർഡ് യോഗം ചേരേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നടപടിച്ചട്ടങ്ങൾ ഒരു യോഗത്തിൽ കാര്യങ്ങളുടെ നടത്തിപ്പിന് പാലിക്കേണ്ടതുമാകുന്നു.

(7) ചെയർപേഴ്സന്, ഏതെങ്കിലും കാരണത്താൽ ബോർഡിന്റെ യോഗത്തിൽ ഹാജരാകാൻ കഴിയുന്നില്ലെങ്കിൽ, യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങൾ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുത്ത ഏതെങ്കിലും അംഗം യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(8) ബോർഡിന്റെ ഏതെങ്കിലും യോഗത്തിന് മുമ്പാകെ വരുന്ന എല്ലാ പ്രശ്നങ്ങളും ഹാജരാവുകയും വോട്ട് ചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ ഭൂരിപക്ഷ വോട്ട് പ്രകാരം തീരുമാനിക്കപ്പെടേണ്ടതും, വോട്ടിൽ തുല്യത സംഭവിക്കുന്നപക്ഷം, ചെയർപേഴ്സനോ അദ്ദേഹത്തിന്റെ അഭാവത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന ആൾക്കോ ഒരു രണ്ടാം വോട്ടോ നിർണ്ണായക വോട്ടോ ഉണ്ടായിരിക്കുന്നതുമാണ്.

5. ***ചെയർപേഴ്സന്റെയും അംഗങ്ങളുടെയും രാജി.***—(1) ചെയർപേഴ്സന്, കേന്ദ്രസർക്കാരിന് കൈയ്യൊപ്പോടുകൂടി എഴുതി അറിയിച്ച് അദ്ദേഹത്തിന്റെ ഉദ്യോഗം രാജി വയ്ക്കാവുന്നതാണ്:

എന്നാൽ, ചെയർപേഴ്സൺ, കേന്ദ്രസർക്കാർ അദ്ദേഹത്തിന്റെ പിൻഗാമിയെ നിയമിക്കുന്നതുവരെ, ഉദ്യോഗത്തിൽ തുടരേണ്ടതാണ്.

(2) ഒരു അംഗത്തിന് ചെയർപേഴ്സന് കൈയ്യൊപ്പോടുകൂടി എഴുതി അറിയിച്ച് ഉദ്യോഗത്തിൽ നിന്ന് രാജി വയ്ക്കാവുന്നതാണ്.

6. ***അയോഗ്യതകൾ.***—യാതൊരാളും,—

(ക) ചിത്തഭ്രമം ഉണ്ടായിരിക്കുകയോ ഉള്ളവനായിത്തീരുകയോ അല്ലെങ്കിൽ ക്ഷമതയുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കുകയോ; അല്ലെങ്കിൽ

(ഖ) കേന്ദ്രസർക്കാരിന്റെ അഭിപ്രായത്തിൽ സാൻമാർഗ്ഗിക അധഃപതനം ഉൾക്കൊള്ളുന്ന ഒരു കുറ്റത്തിന് കുറ്റസ്ഥാപനം നടത്തപ്പെട്ടിരിക്കുകയോ നടത്തപ്പെട്ടിട്ടുണ്ടായിരിക്കുകയോ ; അല്ലെങ്കിൽ

(ഗ) നിർദ്ധനനായിരിക്കുകയോ ഏതെങ്കിലും സമയത്ത് നിർദ്ധനനായി വിധിക്കപ്പെട്ടിട്ടുണ്ടായിരിക്കുകയോ, ചെയ്തിട്ടുണ്ടെങ്കിൽ,

ഒരു അംഗമായിരിക്കുവാൻ പാടുള്ളതല്ല.

7. ***അംഗങ്ങൾ ഉദ്യോഗം ഒഴിഞ്ഞു കൊടുക്കൽ.***—ഒരു അംഗം,—

(ക) 6-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള അയോഗ്യതകളിൽ ഏതിനെങ്കിലും വിധേയനായിത്തീരുകയോ; അല്ലെങ്കിൽ

(ഖ) ഹാജരാകാതിരിക്കാൻ അനുവാദം നേടാതെ ബോർഡിന്റെ തുടർച്ചയായുള്ള മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുകയോ; അല്ലെങ്കിൽ

(ഗ) 5-ാം വകുപ്പുപ്രകാരം അദ്ദേഹത്തിന്റെ രാജി സമർപ്പിക്കുകയോ,

ചെയ്യുന്നെങ്കിൽ അതിൻമേൽ അദ്ദേഹത്തിന്റെ സ്ഥാനം ഒഴിഞ്ഞ് കിടക്കുന്നതാണ്.

8. *ട്രസ്റ്റിന്റെ മുഖ്യ നിർവാഹക ആഫീസറും ജീവനക്കാരും.*—(1) കേന്ദ്രസർക്കാർ, മുഖ്യ കാര്യ നിർവാഹക ആഫീസറെ നിർണ്ണയിക്കപ്പെടാവുന്നതോ ചെയർപേഴ്സൺ അദ്ദേഹത്തെ ഏൽപ്പിച്ചു കൊടുക്കാവുന്നതോ ആയതും ബോർഡിന്റെ നിർദ്ദേശപ്രകാരം അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും അങ്ങനെയുള്ള കർത്തവ്യങ്ങൾ നിർവഹിക്കുന്നതിനും, നിയമിക്കേണ്ടതാണ്.

(2) ബോർഡ്, കേന്ദ്രസർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി ട്രസ്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിലേക്കായി അതിന് ആവശ്യമെന്ന് കരുതുന്ന അങ്ങനെയുള്ള മറ്റ് ആഫീസർമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കേണ്ടതാണ്.

(3) ട്രസ്റ്റിന്റെ മുഖ്യ നിർവാഹക ആഫീസർക്കും മറ്റ് ആഫീസർമാർക്കും ജീവന ക്കാർക്കും നൽകാവുന്ന ശമ്പളവും ബത്തകളും മറ്റ് സേവന നിബന്ധനകളും ഉപാധികളും റെഗുലേഷനുകളാൽ നിശ്ചയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കേണ്ടതാണ്.

9. ***ബോർഡിലെ ഒഴിവുകൾ, പ്രവൃത്തികൾ മുതലായവയെ അസാധുവാക്കുന്നതല്ലെന്ന്.***—ബോർഡിന്റെ യാതൊരു പ്രവൃത്തിയോ നടപടിയോ, ബോർഡിൽ ഏതെങ്കിലും ഒഴിവോ ബോർഡിന്റെ രൂപീകരണത്തിൽ ഏതെങ്കിലും ന്യൂനതയോ നിലനിൽക്കുന്നു എന്ന കാരണങ്ങളാൽ മാത്രം ചോദ്യം ചെയ്യപ്പെടാൻ പാടുള്ളതല്ല.

## അദ്ധ്യായം III

## ട്രസ്റ്റിന്റെ ഉദ്ദേശ്യങ്ങൾ

10. *ട്രസ്റ്റിന്റെ ഉദ്ദേശ്യങ്ങൾ.*—ട്രസ്റ്റിന്റെ ഉദ്ദേശ്യങ്ങൾ,—

(ക) വൈകല്യമുള്ള ആളുകളെ അവർ ഉൾപ്പെടുന്ന സമൂഹത്തിനുള്ളിലും അതിന് അടുത്തു കഴിയുന്നിടത്തോളം സ്വതന്ത്രമായും പൂർണ്ണമായും ജീവിക്കുന്നതിന് സാദ്ധ്യമാക്കുകയും ശാക്തീകരിക്കുകയും ചെയ്യുക;

(ഖ) വൈകല്യമുള്ള ആളുകൾക്ക് അവരുടെ സ്വന്തം കുടുംബങ്ങളിൽ ജീവിക്കുന്നതിന് സഹായം നൽകുന്നതിനുള്ള സൗകര്യങ്ങൾ പ്രബലപ്പെടുത്തുക;

(ഗ) വൈകല്യമുള്ള ആളുകളുടെ കുടുംബത്തിലെ പ്രതിസന്ധി ഘട്ടങ്ങളിൽ ആവശ്യമനുസ രിച്ചുള്ള സേവനങ്ങൾ നൽകുന്നതിന് രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനകൾക്ക് സഹായം നൽകുക;

(ഘ) കുടുംബ സംരക്ഷണം ഇല്ലാത്ത വൈകല്യമുള്ള ആളുകളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുക;

(ങ) വൈകല്യമുള്ള ആളുകളുടെ മാതാപിതാക്കളുടെയോ രക്ഷാകർത്താവിന്റെയോ മരണം സംഭവിക്കുന്നപക്ഷം, അവരുടെ പരിരക്ഷണത്തിനും സംരക്ഷണത്തിനും വേണ്ട നടപടികൾ പ്രോത്സാഹിപ്പിക്കുക;

(ച) അങ്ങനെയുള്ള സംരക്ഷണം ആവശ്യപ്പെടുന്ന വൈകല്യമുള്ള ആളുകൾക്കു വേണ്ടി രക്ഷാകർത്താക്കളുടെയും ട്രസ്റ്റികളുടെയും നിയമനത്തിനുവേണ്ട നടപടിക്രമം ആവിഷ്ക്കരിക്കുക;

(ഛ) വൈകല്യമുള്ള ആളുകളുടെ തുല്യ അവസരങ്ങളും അവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും സാദ്ധ്യമാക്കൽ എളുപ്പമാക്കുക;

(ജ) മുകളിൽ പറഞ്ഞ ഉദ്ദേശ്യങ്ങൾക്ക് സാന്ദർഭികമായ മറ്റേതെങ്കിലും പ്രവൃത്തി ചെയ്യുക,

എന്നിവ ആയിരിക്കുന്നതാണ്.

## അദ്ധ്യായം IV

## ബോർഡിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും

11. *ബോർഡിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും.*—(1) ബോർഡ്,—

(ക) കേന്ദ്രസർക്കാരിൽനിന്ന് നൂറു കോടി രൂപയുടെ ഒരു ഏക ഗഡു സംഭാവന ട്രസ്റ്റിന്റെ മൂലധനമായി സ്വീകരിക്കേണ്ടതും അതിന്റെ വരുമാനം വൈകല്യമുള്ള ആളുകൾക്ക് പര്യാപ്തമായ ജീവിത നിലവാരം സജ്ജമാക്കുന്നതിനുവേണ്ടി പ്രയോജനപ്പെടുത്തേണ്ടതുമാണ്;

(ഖ) വൈകല്യമുള്ള ആളുകളുടെ ഗുണത്തിനായി സാമാന്യമായും ട്രസ്റ്റിന്റെ ഉദ്ദേശ്യങ്ങളുടെ പുരോഗമിപ്പിക്കലിനുവേണ്ടി പ്രത്യേകിച്ചും ഏതൊരാളിൽ നിന്നും ജംഗമവസ്തുക്കളുടെ ഒസ്യത്ത് സ്വീകരിക്കേണ്ടതാണ്:

എന്നാൽ, ഒസ്യത്തിൽ നാമകരണം ചെയ്തിട്ടുള്ള ഗുണഭോക്താവിന്, ആരെങ്കിലും ഉണ്ടെങ്കിൽ, അയാൾക്ക് പര്യാപ്തമായ ജീവിതനിലവാരം ഏർപ്പാട് ചെയ്യുന്നതും ഒസ്യത്തായി കിട്ടിയ വസ്തു ഒസ്യത്തിൽ പറഞ്ഞിട്ടുള്ള മറ്റേതെങ്കിലും ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുന്നതും ബോർഡിന്റെ ഭാഗത്തുള്ള കടമ ആയിരിക്കുന്നതാണ്:

എന്നുമാത്രമല്ല, ബോർഡിനു ഒസ്യത്തിൽ പറഞ്ഞിട്ടുള്ള മുഴുവൻ തുകയും ഒസ്യത്തിൽ ഗുണഭോക്താവായി നാമകരണം ചെയ്യപ്പെട്ട വൈകല്യമുള്ള ആളുകളുടെ പ്രയോജനത്തിനു മാത്രമായി ഉപയോഗിക്കാൻ യാതൊരു ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതല്ല;

(ഗ) രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനകളുടെ ഏതെങ്കിലും അംഗീകൃത പരിപാടിയുടെ നടത്തിപ്പിനുവേണ്ടി ധനസഹായം നൽകുന്നതിന് ഓരോ സാമ്പത്തിക വർഷവും ആവശ്യമെന്ന് കരുതുന്ന അങ്ങനെയുള്ള തുക കേന്ദ്രസർക്കാരിൽ നിന്ന് സ്വീകരിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കുവേണ്ടി, "അംഗീകൃത പരിപാടി" എന്ന പദപ്രയോഗത്തിന്,—

(ക) വൈകല്യമുള്ള ആളുകളെ സമൂഹത്തിൽ സ്വതന്ത്രമായി ജീവിക്കാൻ പ്രോത്സാഹിപ്പിക്കുന്നതിന്—

(i) സമൂഹത്തിൽ പ്രയോജനപ്രദമായ പരിസ്ഥിതി സൃഷ്ടിച്ചുകൊണ്ടും ;

(ii) വൈകല്യമുള്ള ആളുകളുടെ കുടുംബാംഗങ്ങൾക്ക് ഉത്ബോധനവും പരിശീലനവും നൽകിക്കൊണ്ടും;

(iii) പ്രായപൂർത്തിയായവർക്ക് പരിശീലനയൂണിറ്റുകൾ, ഒറ്റയായതും കൂട്ടമായതും ആയ വസതികൾ, സ്ഥാപിച്ചുകൊണ്ടും; ഉള്ള ഏതെങ്കിലും പരിപാടിയും;

(ഖ) വൈകല്യമുള്ള ആളുകളുടെ വിശ്രമവേള പരിരക്ഷയുടെയോ വളർത്തു കുടുംബ പരിരക്ഷയുടെയോ പകൽ പരിരക്ഷയുടെയോ സേവനത്തെ പ്രോൽസാഹിപ്പിക്കുന്ന ഏതെങ്കിലും പരിപാടിയും;

(ഗ) വൈകല്യമുള്ള ആളുകൾക്കുവേണ്ടി താമസസൗകര്യമുള്ള ഹോസ്റ്റലുകളും താമസ സൗകര്യമുള്ള വസതികളും സ്ഥാപിക്കലും;

(ഘ) വൈകല്യമുള്ള ആളുകളുടെ അവകാശലബ്ധിക്ക് യത്നിക്കുന്നതിന് അവരുടെ സ്വയംസേവാ സംഘങ്ങൾ വികസിപ്പിക്കലും;

(ങ) രക്ഷാകർത്തൃത്വത്തിനുള്ള അംഗീകാരം നൽകുന്നതിന് തദ്ദേശതല സമിതി സ്ഥാപിക്കലും;

(ച) ട്രസ്റ്റിന്റെ ഉദ്ദേശ്യങ്ങളെ പ്രോത്സാഹിപ്പിക്കുന്ന അങ്ങനെയുള്ള മറ്റ് പരിപാടികളും എന്നർത്ഥമാകുന്നു.

(3) (2)-ാം ഉപവകുപ്പ് (ഗ) ഖണ്ഡത്തിലെ ആവശ്യങ്ങൾക്കുവേണ്ടി, പണം നീക്കി വയ്ക്കുമ്പോൾ വൈകല്യമുള്ള സ്ത്രീകൾക്കും ഗുരുതരമായ വൈകല്യമുള്ള ആളുകൾക്കും വൈകല്യ മുള്ള മുതിർന്ന പൗരൻമാർക്കും മുൻഗണന നൽകേണ്ടതാണ്.

*വിശദീകരണം.*—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കുവേണ്ടി—

(ക) "ഗുരുതരമായ വൈകല്യമുള്ള ആളുകൾ" എന്ന പദപ്രയോഗത്തിന് വൈകല്യ മുള്ള ആളുകൾ (തുല്യ അവസരങ്ങളും അവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും) ആക്റ്റ്, 1995 (1996-ലെ 1)-ലെ 56-ാം വകുപ്പ് (4)-ാം ഉപവകുപ്പു പ്രകാരം അതിന് കൊടുത്തിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(ഖ) "മുതിർന്ന പൗരൻ" എന്ന പദപ്രയോഗത്തിന് അറുപത്തിയഞ്ചുവയസ്സോ അതിൽ കൂടുതലോ പ്രായമുള്ള ഒരു ആൾ എന്നർത്ഥമാകുന്നു.

## അദ്ധ്യായം V

## രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമം

12. ***രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമം.***—(1) വൈകല്യമുള്ള ആളുകളുടെ ക്ഷേമം അഭിവൃദ്ധി പ്പെടുത്തൽ മുഖ്യ ഉദ്ദേശ്യമായിട്ടുള്ള വൈകല്യമുള്ള ആളുകളുടെ ഏതെങ്കിലും സമാജത്തിനോ വൈകല്യമുള്ള ആളുകളുടെ മാതാപിതാക്കളുടെ ഏതെങ്കിലും സമാജത്തിനോ ഒരു സന്നദ്ധ സംഘടനയ്ക്കോ, രജിസ്റ്റർ ചെയ്യുന്നതിനുള്ള ഒരു അപേക്ഷ ബോർഡിന് നൽകാവുന്നതാണ്.

(2) രജിസ്ട്രേഷനുള്ള അപേക്ഷ, ബോർഡ് റഗുലേഷൻവഴി വ്യവസ്ഥ ചെയ്യാവുന്ന അങ്ങനെ യുള്ള ഫാറത്തിലും രീതിയിലും അങ്ങനെയുള്ള സ്ഥലത്തും നൽകേണ്ടതും ആ റഗുലേഷനു കളിൽ വ്യവസ്ഥ ചെയ്യാവുന്ന അങ്ങനെയുള്ള വിവരങ്ങൾ അതിൽ അടങ്ങിയിരിക്കേണ്ടതും അങ്ങനെ യുള്ള രേഖകളും അങ്ങനെയുള്ള ഫീസും സഹിതം ആയിരിക്കേണ്ടതും ആകുന്നു.

(3) രജിസ്റ്റർ ചെയ്യുന്നതിനുള്ള ഒരു അപേക്ഷ സ്വീകരിക്കുന്നതിൻമേൽ ബോർഡിന്, അപേക്ഷയുടെ യാഥാർത്ഥ്യവും അതിലെ ഏതെങ്കിലും വിവരങ്ങളുടെ കൃത്യതയേയും സംബന്ധിച്ച് അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള അന്വേഷണങ്ങൾ നടത്താവുന്നതാണ്.

(4) അങ്ങനെയുള്ള അപേക്ഷ സ്വീകരിക്കുന്നതിൻമേൽ ബോർഡ്, അപേക്ഷകന് രജിസ്ട്രേഷൻ നൽകുകയോ അല്ലെങ്കിൽ അങ്ങനെയുള്ള അപേക്ഷ കാരണങ്ങൾ രേഖപ്പെടുത്തി ക്കൊണ്ട് നിരസിക്കുകയോ ചെയ്യാവുന്നതാണ്:

എന്നാൽ, അപേക്ഷകന് രജിസ്ട്രേഷൻ നിരസിക്കപ്പെടുന്നപക്ഷം, പ്രസ്തുത അപേക്ഷകന്, മുമ്പുള്ള അപേക്ഷയിൽ ന്യൂനതകൾ, എന്തെങ്കിലും ഉണ്ടെങ്കിൽ, നീക്കം ചെയ്തശേഷം രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി വീണ്ടും ഒരു അപേക്ഷ നൽകാവുന്നതാണ്.

## അദ്ധ്യായം VI

## തദ്ദേശതല സമിതികൾ

13. ***തദ്ദേശതല സമിതികളുടെ രൂപീകരണം.***—(1) ബോർഡ്, അത് കാലാകാലങ്ങളിൽ വിനിർദ്ദേശിക്കപ്പെടുന്ന അങ്ങനെയുള്ള പ്രദേശത്തേക്ക്, ഒരു തദ്ദേശതല സമിതി രൂപീകരിക്കേണ്ടതാണ്.

(2) ഒരു തദ്ദേശതല സമിതിയിൽ—

(ക) കേന്ദ്രത്തിന്റെയോ സംസ്ഥാനത്തിന്റെയോ സിവിൽ സർവ്വീസിലുള്ള, ഒരു ജില്ലയിലെ ഒരു ജില്ലാ മജിസ്ട്രേട്ടിന്റെയോ ജില്ലാ കമ്മീഷണറുടെയോ പദവിയിൽ താഴെയല്ലാത്ത ഒരു ആഫീസറും;

(ഖ) രജിസ്റ്റർ ചെയ്ത ഒരു സംഘടനയുടെ ഒരു പ്രതിനിധിയും;

(ഗ) വൈകല്യമുള്ള ആളുകൾ (തുല്യ അവസരങ്ങളും അവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും) ആക്റ്റ്, 1995 (1996-ലെ 1)-ലെ 2-ാം വകുപ്പ് (ന) ഖണ്ഡത്തിൽ നിർവചിക്കപ്പെട്ട വൈകല്യമുള്ള ഒരാളും,

അടങ്ങിയിരിക്കേണ്ടതാണ്.

(3) ഒരു തദ്ദേശതല സമിതി, ബോർഡിനാൽ അത് രൂപീകരിക്കപ്പെട്ട തീയതിമുതൽ മൂന്ന് വർഷക്കാലയളവുവരെ അല്ലെങ്കിൽ അത് വീണ്ടും രൂപീകരിക്കപ്പെടുന്ന അങ്ങനെയുള്ള സമയംവരെ പ്രവർത്തനം തുടരേണ്ടതാണ്.

(4) ഒരു പ്രാദേശികതല സമിതി കുറഞ്ഞത് ഓരോ മൂന്ന് മാസത്തിലൊരിക്കൽ അല്ലെങ്കിൽ ആവശ്യമാകാവുന്ന അങ്ങനെയുള്ള ഇടവേളയിൽ സമ്മേളിക്കേണ്ടതാണ്.

14. ***രക്ഷാകർത്തൃത്വത്തിനുള്ള നിയമനം.***—(1) വൈകല്യമുള്ള ഒരാളുടെ മാതാവിനോ പിതാവിനോ അല്ലെങ്കിൽ അയാളുടെ ബന്ധുവിനോ അയാളുടെ ഇഷ്ടപ്രകാരം ഏതെങ്കിലും ആളെ വൈകല്യമുള്ള ആളുകളുടെ രക്ഷാകർത്താവായി പ്രവർത്തിക്കുവാനുള്ള നിയമനത്തിനു വേണ്ടി ഒരു അപേക്ഷ തദ്ദേശതല സമിതിക്ക് നൽകാവുന്നതാണ്.

(2) ഏതെങ്കിലും രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനയ്ക്ക് വൈകല്യമുള്ള ഒരാളുടെ രക്ഷാകർത്താവായി നിയമിക്കപ്പെടുന്നതിനുവേണ്ടി നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ ഒരു അപേക്ഷ തദ്ദേശതല സമിതിക്ക് നൽകാവുന്നതാണ്:

എന്നാൽ, വൈകല്യമുള്ള ആളുടെ രക്ഷാകർത്താവിന്റെ സമ്മതംകൂടി നേടാത്തപക്ഷം അങ്ങനെയുള്ള യാതൊരു അപേക്ഷയും തദ്ദേശതല സമിതി പരിഗണിക്കാൻ പാടുള്ളതല്ല.

(3) ഒരു രക്ഷാകർത്താവിന്റെ നിയമനത്തിനുള്ള അപേക്ഷ പരിഗണിക്കുമ്പോൾ, തദ്ദേശതല സമിതി—

(ക) വൈകല്യമുള്ള ആൾക്ക് ഒരു രക്ഷാകർത്താവ് ആവശ്യമുണ്ടോ;

(ഖ) വൈകല്യമുള്ള ആളുകളുടെ ഏതാവശ്യങ്ങൾക്കുവേണ്ടിയാണ് രക്ഷാകർത്തൃത്വം ആവശ്യപ്പെടുന്നത്,

എന്നിവ പരിഗണിക്കേണ്ടതാണ്.

(4) തദ്ദേശതല സമിതി (1)-ഉം (2)-ഉം ഉപവകുപ്പുകൾ പ്രകാരം ലഭിച്ച അപേക്ഷകൾ, റഗുലേഷനുകൾ പ്രകാരം നിശ്ചയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ സ്വീകരിക്കേണ്ടതും നടപടിക്ക് എടുക്കേണ്ടതും തീരുമാനമെടുക്കേണ്ടതുമാണ്:

എന്നാൽ, ഒരു രക്ഷാകർത്താവിന്റെ നിയമനത്തിനുവേണ്ടി ശിപാർശ ചെയ്യുമ്പോൾ, തദ്ദേശതല സമിതി രക്ഷാകർത്താവ് നിറവേറ്റേണ്ടതായ കടമകൾ വ്യവസ്ഥ ചെയ്യേണ്ടതാണ്.

(5) തദ്ദേശതല സമിതി അതിന് ലഭിച്ച അപേക്ഷകളുടെയും അവയിൻമേൽ പാസ്സാക്കിയ ഉത്തരവുകളുടെയും വിവരങ്ങൾ ബോർഡിന് റഗുലേഷനുകൾ പ്രകാരം നിശ്ചയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഇടവേളകളിൽ അയയ്ക്കേണ്ടതാണ്.

15. ***രക്ഷാകർത്താവിന്റെ കർത്തവ്യങ്ങൾ.***—ഈ അദ്ധ്യായപ്രകാരം വൈകല്യമുള്ള ഒരാളുടെ രക്ഷാകർത്താവായി നിയമിക്കപ്പെടുന്ന ഓരോ ആളും, ആവശ്യമുള്ളിടത്തൊക്കെ വൈകല്യമുള്ള അങ്ങനെയുള്ള ആളുടെയും അയാളുടെ സ്വത്തിന്റെയും പരിരക്ഷയ്ക്ക് ഉണ്ടായിരിക്കേണ്ടതോ അല്ലെങ്കിൽ വൈകല്യമുള്ള ആളുടെ സംരക്ഷണത്തിന് ഉത്തരവാദിയായിരിക്കേണ്ടതോ ആകുന്നു.

16. ***രക്ഷാകർത്താവ് വസ്തുവിവരപ്പട്ടികയും വാർഷിക കണക്കുകളും നൽകണമെന്ന്.***—(1) 14-ാം വകുപ്പുപ്രകാരം ഒരു രക്ഷാകർത്താവായി നിയമിക്കപ്പെട്ട ഓരോ ആളും അദ്ദേഹത്തിന്റെ നിയമന തീയതി മുതൽ ആറ് മാസത്തെ കാലയളവിനുള്ളിൽ, വൈകല്യമുള്ള ആളുടെ വക സ്ഥാവര സ്വത്തിന്റെയും വൈകല്യമുള്ള ആൾക്കുവേണ്ടി സ്വീകരിച്ച എല്ലാ ആസ്തികളുടെയും മറ്റ് ജംഗമ വസ്തുവിന്റെയും ഒരു വസ്തുവിവരപ്പട്ടിക വൈകല്യമുള്ള അങ്ങനെയുള്ള ആൾക്ക് കിട്ടാനുള്ള എല്ലാ അവകാശങ്ങളുടെയും അയാൾ കൊടുക്കേണ്ടതായ എല്ലാ ഋണബാദ്ധ്യതകളുടെയും ഒരു പത്രിക സഹിതം അദ്ദേഹത്തെ നിയമിച്ച അധികാരസ്ഥാനത്തിന് എത്തിച്ചുകൊടുക്കേണ്ടതാണ്.

(2) ഓരോ രക്ഷാകർത്താവും അദ്ദേഹത്തിന്റെ ചുമതലയിലുള്ള വസ്തുവിന്റെയും ആസ്തികളുടെയും, വൈകല്യമുള്ള ആളുടെ കണക്കിൽ സ്വീകരിച്ച് വിതരണം ചെയ്തതുമായ തുകകളുടെയും അദ്ദേഹത്തിന്റെ പക്കൽ അവശേഷിക്കുന്ന ബാക്കിയുടെയും കണക്ക് ഓരോ സാമ്പത്തിക വർഷം അവസാനിക്കുന്ന മൂന്ന് മാസക്കാലയളവിനുള്ളിൽ പ്രസ്തുത നിയമന അധികാരസ്ഥാനത്തിന് നൽകുക കൂടി ചെയ്യേണ്ടതാണ്.

17. ***രക്ഷാകർത്താവിനെ നീക്കം ചെയ്യൽ.***—(1) വൈകല്യമുള്ള ഒരാളുടെ മാതാവോ പിതാവോ ഒരു ബന്ധുവോ അല്ലെങ്കിൽ ഒരു രജിസ്റ്റർ ചെയ്ത സംഘടനയോ, രക്ഷാകർത്താവോ എപ്പോഴെങ്കിലും—

(ക) വൈകല്യമുള്ള ഒരാളെ നിന്ദിക്കുന്നതായോ അവഗണിക്കുന്നതായോ; അല്ലെങ്കിൽ

(ഖ) വസ്തു ദുർവിനിയോഗം ചെയ്യുന്നതായോ ശ്രദ്ധിക്കാതിരിക്കുന്നതായോ, കാണുന്നുവെങ്കിൽ, അങ്ങനെയുള്ള രക്ഷാകർത്താവിനെ നീക്കം ചെയ്യുന്നതിനുവേണ്ടി നിർണ്ണയിക്കപ്പെട്ട നടപടിക്രമത്തിനനുസൃതമായി അതിന് സമിതിയോട് അപേക്ഷിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള അപേക്ഷ സ്വീകരിക്കുന്നതിൻമേൽ സമിതിക്ക്, നീക്കം ചെയ്യലിന് കാരണമുണ്ടെന്ന് അതിന് ബോദ്ധ്യപ്പെടുന്നപക്ഷവും ലിഖിതമായി രേഖപ്പെടുത്തേണ്ട കാരണങ്ങളാലും അങ്ങനെയുള്ള രക്ഷാകർത്താവിനെ നീക്കം ചെയ്യാവുന്നതും അദ്ദേഹത്തിന്റെ സ്ഥാനത്ത് ഒരു പുതിയ രക്ഷാകർത്താവിനെ നിയമിക്കുകയോ, അങ്ങനെയുള്ള ഒരു രക്ഷാകർത്താവ് ലഭ്യമല്ലെങ്കിൽ വൈകല്യമുള്ള ആളുടെ പരിരക്ഷയ്ക്കും സംരക്ഷണത്തിനും വേണ്ടി ആവശ്യമാകുന്ന അങ്ങനെയുള്ള മറ്റ് ഏർപ്പാടുകൾ ചെയ്യാവുന്നതുമാകുന്നു.

(3) (2)-ാം ഉപവകുപ്പു പ്രകാരം നീക്കം ചെയ്യപ്പെട്ട ഏതെങ്കിലും ആൾ വൈകല്യമുള്ള ആളുടെ എല്ലാ വസ്തുവിന്റെയും ചുമതല പുതിയ രക്ഷാകർത്താവിനെ ഏൽപ്പിക്കുന്നതിനും അദ്ദേഹം സ്വീകരിച്ചതോ വിതരണം ചെയ്തതോ ആയ എല്ലാ പണത്തിന്റെയും കണക്ക് ബോധിപ്പിക്കുന്നതിനും ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

***വിശദീകരണം.***—ഈ അദ്ധ്യായത്തിലെ ആവശ്യങ്ങൾക്കുവേണ്ടി, "ബന്ധു" എന്ന പദപ്രയോഗത്തിൽ വൈകല്യമുള്ള ആളുമായി രക്തബന്ധത്തിലൂടെയോ വിവാഹത്തിലൂടെയോ ദത്തെടുക്കലിലൂടെയോ ബന്ധമുള്ള ഏതൊരാളും ഉൾപ്പെടുന്നതാണ്.

## അദ്ധ്യായം VII

## ഉത്തരവാദിത്വവും തുടർച്ചയായ നിരീക്ഷണവും

18. ***ഉത്തരവാദിത്വം.***—(1) ബോർഡിന്റെ കൈവശമുള്ള ബുക്കുകളും രേഖകളും രജിസ്റ്റർ ചെയ്യപ്പെട്ട ഏതെങ്കിലും സംഘടനയ്ക്ക് പരിശോധനയ്ക്കായി പ്രാപ്യമാക്കേണ്ടതാണ്.

(2) രജിസ്റ്റർ ചെയ്യപ്പെട്ട ഏതൊരു സംഘടനയ്ക്കും ബോർഡ് വച്ചുപോരുന്ന ഏതെങ്കിലും ബുക്കിന്റെയോ രേഖയുടെയോ ഒരു പകർപ്പ് ലഭിക്കുന്നതിനുവേണ്ടി രേഖാമൂലം ഒരു അപേക്ഷ ബോർഡിന് സമർപ്പിക്കാവുന്നതാണ്.

(3) ബോർഡ്, രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സംഘടനയ്ക്ക് ഏതെങ്കിലും ബുക്കിന്റെയോ രേഖയുടെയോ പ്രാപ്യത അനുവദിക്കുന്നതിനുവേണ്ടി അതിന് ആവശ്യമെന്ന് തോന്നുന്ന അങ്ങനെയുള്ള റഗുലേഷനുകൾ ഉണ്ടാക്കേണ്ടതാണ്.

19. ***തുടർച്ചയായ നിരീക്ഷണം.***—ബോർഡ്, അതിൽ നിന്നും സഹായധനം തേടുന്ന രജിസ്റ്റർ ചെയ്ത സംഘടനകളുടെ ഫണ്ട് നൽകുന്നതിന് മുമ്പുള്ള സ്ഥിതി വിലയിരുത്തുന്നതിനു വേണ്ടിയുള്ള നടപടിക്രമം റഗുലേഷനുകൾ വഴി നിശ്ചയിക്കേണ്ടതും അങ്ങനെയുള്ള റഗുലേഷനുകളിൽ ട്രസ്റ്റിൽ നിന്നും ധനസഹായം സ്വീകരിക്കുന്ന രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനകളുടെ പ്രവർത്തനങ്ങളെ തുടർച്ചയായി നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും വേണ്ട മാർഗ്ഗ രേഖകൾ വ്യവസ്ഥ ചെയ്യാവുന്നതുമാകുന്നു.

20. ***വാർഷിക പൊതുയോഗം.***—(1) ബോർഡ്, ഓരോ വർഷത്തിലും രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനകളുടെ ഒരു വാർഷിക പൊതുയോഗം ചേരേണ്ടതും ഒരു വാർഷിക പൊതുയോഗത്തിന്റെയും അടുത്ത വാർഷിക പൊതുയോഗത്തിന്റെയും തീയതിയ്ക്കിടയിൽ ആറ് മാസത്തിൽ കൂടുതൽ കവിയാൻ പാടില്ലാത്തതുമാകുന്നു.

(2) ബോർഡ്, അതിന്റെ മുൻവർഷത്തെ കണക്കുകളുടെ ഒരു വിവരണപ്പത്രികയും പ്രവർത്തനങ്ങളുടെ രേഖകളും സഹിതം വാർഷിക പൊതുയോഗത്തിന്റെ ഒരു നോട്ടീസ്, റഗുലേഷനുകൾ വഴി നിശ്ചയിക്കപ്പെടുന്ന അങ്ങനെയുള്ള സമയത്ത് ഓരോ രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനയ്ക്കും അയച്ചുകൊടുക്കേണ്ടതാണ്.

(3) അങ്ങനെയുള്ള യോഗത്തിന്റെ കോറം, രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനകളുടെ റഗുലേഷനുകൾ വഴി നിശ്ചയിക്കപ്പെടാവുന്ന അത്രയും എണ്ണം ആളുകൾ ആയിരിക്കുന്നതാണ്.

## അദ്ധ്യായം VIII

## ധനകാര്യവും അക്കൗണ്ടുകളും ആഡിറ്റും

21. ***കേന്ദ്രസർക്കാരിന്റെ സഹായധനങ്ങൾ.***—കേന്ദ്രസർക്കാരിന്, ഇതിലേക്ക് പാർലമെന്റ് ശരിയായ ധനവിനിയോഗം നിയമംവഴി നടത്തിയതിനുശേഷം, നൂറുകോടി രൂപയുടെ ഏകഗഡു സംഭാവന ട്രസ്റ്റിന്റെ മൂലധനമായി ട്രസ്റ്റിന് നൽകാവുന്നതും അതിന്റെ വരുമാനം ഈ ആക്റ്റ് പ്രകാരമുള്ള ട്രസ്റ്റിന്റെ ഉദ്ദേശ്യങ്ങൾ നേടുന്നതിന് ഉപയോഗിക്കാവുന്നതാണ്.

22. ***നിധി.***—(1) ദിവാസ്വപ്ന പ്രകൃതിയും മസ്തിഷ്ക തളർവാതവും ബുദ്ധിമാന്ദ്യവും ബഹുവിധ വൈകല്യങ്ങളുമുള്ള ആളുകളുടെ ക്ഷേമത്തിനുവേണ്ടിയുള്ള ദേശീയ ട്രസ്റ്റ് എന്ന് പേർ പറയാവുന്ന ഒരു നിധി രൂപീകരിക്കേണ്ടതും, അതിലേക്ക്:—

(ക) കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന എല്ലാ പണവും;

(ഖ) സഹായധനമായോ, ഇഷ്ടദാനമായോ, സംഭാവനയായോ, ഉപകാരമായോ, ഒസ്യത്ത് ആയോ, കൈമാറ്റമായോ ട്രസ്റ്റിന് ലഭിക്കുന്ന എല്ലാ പണവും;

(ഗ) മറ്റ് ഏതെങ്കിലും രീതിയിലോ മറ്റ് ഏതെങ്കിലും മാർഗ്ഗത്തിൽ നിന്നോ ട്രസ്റ്റിന് ലഭിക്കുന്ന എല്ലാ പണവും,

വരവു വയ്ക്കേണ്ടതുമാണ്.

(2) നിധിയിലുള്ളതായ എല്ലാ പണവും, കേന്ദ്രസർക്കാരിന്റെ അനുമതിക്ക് വിധേയമായി, ബോർഡ് തീരുമാനിക്കുന്ന അങ്ങനെയുള്ള ബാങ്കുകളിൽ നിക്ഷേപിക്കുകയോ അങ്ങനെയുള്ള രീതിയിൽ മുതൽ മുടക്കുകയോ ചെയ്യേണ്ടതാകുന്നു.

(3) 10-ാം വകുപ്പു പ്രകാരമോ, അതുമായി ബന്ധപ്പെട്ടതോ ആയ ബോർഡിന്റെ ഏതെങ്കിലും പ്രവർത്തനങ്ങളെ സംബന്ധിച്ച് അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവഹിക്കുന്നതിനും ഉണ്ടായ ചെലവുകൾ ഉൾപ്പെടെ ട്രസ്റ്റിന്റെ ഭരണപരവും അല്ലാത്തതുമായ ചെലവുകൾ നിർവഹിക്കുന്നതിന് ഫണ്ടുകൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

23. ***ബജറ്റ്.***—ബോർഡ്, ഓരോ സാമ്പത്തിക വർഷത്തിലും, നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള സമയത്തും ട്രസ്റ്റിന്റെ മതിപ്പു വരവും ചെലവും കാണിക്കുന്ന അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കേണ്ടതും ആയത് കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കേണ്ടതുമാണ്.

24. ***അക്കൗണ്ടുകളും ആഡിറ്റും.***—(1) ബോർഡ്, ശരിയായ അക്കൗണ്ടുകളും മറ്റ് പ്രസക്തമായ രേഖകളും സൂക്ഷിക്കേണ്ടതും കേന്ദ്രസർക്കാർ നിർണ്ണയിക്കുന്ന അങ്ങനെയുള്ള ഫാറത്തിലും, ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലുമായി കൂടിയാലോചിച്ച് ആ സർക്കാർ പുറപ്പെടുവിക്കുന്ന അങ്ങനെയുള്ള പൊതു നിർദ്ദേശങ്ങൾ അനുസരിച്ചും വരവു ചെലവു കണക്കുകൾ ഉൾപ്പെടെയുള്ള ട്രസ്റ്റിന്റെ അക്കൗണ്ടുകളുടെ ഒരു വാർഷിക വിവരണ പത്രിക തയ്യാറാക്കേണ്ടതും ആകുന്നു.

(2) ട്രസ്റ്റിന്റെ അക്കൗണ്ടുകൾ ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറൽ, അദ്ദേഹം വിനിർദ്ദേശിക്കുന്ന അങ്ങനെയുള്ള ഇടവേളകളിൽ ആഡിറ്റ് ചെയ്യേണ്ടതും അങ്ങനെയുള്ള ആഡിറ്റുമായി ബന്ധപ്പെട്ട് അദ്ദേഹം നേരിടുന്ന ഏതൊരു ചെലവും ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിന് ബോർഡ് നൽകേണ്ടതുമാകുന്നു.

(3) ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിനും ട്രസ്റ്റിന്റെ അക്കൗണ്ടുകൾ ആഡിറ്റ് ചെയ്യുന്നതു സംബന്ധിച്ച് അദ്ദേഹം നിയമിക്കുന്ന മറ്റ് ഏതൊരാൾക്കും അങ്ങനെയുള്ള ആഡിറ്റ് സംബന്ധിച്ച് ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിന് സർക്കാർ അക്കൗണ്ടുകളുടെ ആഡിറ്റ് സംബന്ധിച്ച് സാമാന്യമായുള്ള അതേ അവകാശങ്ങളും വിശേഷാവകാശങ്ങളും അധികാരങ്ങളും ഉണ്ടായിരിക്കുന്നതും പ്രത്യേകിച്ചും, അക്കൗണ്ട് ബുക്കുകളും ബന്ധപ്പെട്ട വൗച്ചറുകളും മറ്റ് രേഖകളും പേപ്പറുകളും ഹാജരാക്കാൻ ആവശ്യപ്പെടുന്നതിനും ട്രസ്റ്റിന്റെ ഏതെങ്കിലും ആഫീസുകൾ പരിശോധിക്കുന്നതിനും അവകാശം ഉണ്ടായിരിക്കുന്നതുമാകുന്നു.

(4) ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലോ ഇതിനുവേണ്ടി അദ്ദേഹം നിയമിച്ച മറ്റേതെങ്കിലും ആളോ സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള ട്രസ്റ്റിന്റെ അക്കൗണ്ടുകൾ അതിൻമേലുള്ള ആഡിറ്റ് റിപ്പോർട്ട് സഹിതം വർഷംതോറും കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കേണ്ടതും ആ സർക്കാർ അത് പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്പിക്കേണ്ടതുമാകുന്നു.

25. ***വാർഷിക റിപ്പോർട്ട്.***—ബോർഡ്, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള സമയത്തിനുള്ളിലും മുൻ വർഷത്തെ അതിന്റെ പ്രവർത്തനങ്ങളുടെ ശരിയായതും പൂർണ്ണമായതുമായ വിവരണം നൽകുന്ന ഒരു വാർഷിക റിപ്പോർട്ട് ഓരോ വർഷവും തയ്യാറാക്കേണ്ടതും അതിന്റെ പകർപ്പുകൾ കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കേണ്ടതും ആ സർക്കാർ അത് പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്പിക്കേണ്ടതുമാകുന്നു.

26. ***ഉത്തരവുകൾ മുതലായവയുടെ പ്രമാണീകരണം.***—ബോർഡിന്റെ എല്ലാ ഉത്തരവുകളും തീരുമാനങ്ങളും ട്രസ്റ്റിന്റെ പേരിൽ നൽകപ്പെട്ട പ്രമാണങ്ങളും ചെയർപേഴ്സണോ മുഖ്യ നിർവാഹക ആഫീസറോ ഇതിനുവേണ്ടി ചെയർപേഴ്സൺ അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ആഫീസറോ ഒപ്പിട്ട് പ്രമാണീകരിക്കേണ്ടതാകുന്നു.

27. ***റിട്ടേണുകളും വിവരങ്ങളും.***—ബോർഡ്, കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ ആവശ്യപ്പെടാവുന്ന അങ്ങനെയുള്ള റിപ്പോർട്ടുകളും റിട്ടേണുകളും മറ്റ് വിവരങ്ങളും ആ സർക്കാരിന് നൽകേണ്ടതാകുന്നു.

## അദ്ധ്യായം IX

## പലവക

28. ***നിർദ്ദേശങ്ങൾ നൽകുന്നതിന് കേന്ദ്രസർക്കാരിനുള്ള അധികാരം.***—(1) ഈ ആക്റ്റിലെ മുൻപറഞ്ഞ വ്യവസ്ഥകൾക്ക് ഭംഗം വരാത്തവിധം, ബോർഡിന്, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിലോ അതിന്റെ കർത്തവ്യങ്ങൾ നിർവഹിക്കുന്നതിലോ നയപരമായ പ്രശ്നങ്ങളിൻമേൽ കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ ലിഖിതമായി നൽകുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ ബാധകമായിരിക്കുന്നതാണ്:

എന്നാൽ, ബോർഡിന്, ഈ ഉപവകുപ്പുപ്രകാരം ഏതെങ്കിലും നിർദ്ദേശം നൽകുന്നതിന് മുമ്പ്, അതിന്റെ അഭിപ്രായം പ്രകടിപ്പിക്കുന്നതിന്, പ്രായോഗികമാകുന്നിടത്തോളം, ഒരു അവസരം നൽകേണ്ടതാകുന്നു.

(2) ഒരു പ്രശ്നം നയപരമായ ഒന്നാണോ അല്ലയോ എന്നതിൻമേൽ കേന്ദ്രസർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

29. ***ബോർഡിനെ വിസ്ഥാപനം ചെയ്യുന്നതിന് കേന്ദ്രസർക്കാരിനുള്ള അധികാരം.***—(1) കേന്ദ്ര സർക്കാരിന്, ഒരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനയുടെ പരാതിയിൻമേലോ അല്ലാതെയോ ബോർഡിന് അതിൻമേൽ ചുമത്തപ്പെട്ട കർത്തവ്യങ്ങൾ നിർവഹിക്കുന്നതിന് കഴിവില്ല എന്നോ കർത്തവ്യങ്ങൾ നിർവഹിക്കുന്നതിൽ ബോർഡ് തുടർച്ചയായി വീഴ്ചവരുത്തിയിട്ടുണ്ടെന്നോ വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ, എന്തുകൊണ്ട് അതിനെ വിസ്ഥാപനം ചെയ്യാൻ പാടില്ല എന്ന് ആരാഞ്ഞുകൊണ്ട് ബോർഡിന് നോട്ടീസ് നൽകാവുന്നതാണ്:

എന്നാൽ, എന്തുകൊണ്ട് ബോർഡിനെ വിസ്ഥാപനം ചെയ്യാൻ പാടില്ലായെന്ന് അതിന് ന്യായമായ അവസരം നല്കിക്കൊണ്ട് ലിഖിതമായി ഒരു നോട്ടീസ് നൽകാത്തപക്ഷം, അതിനെ നീക്കം ചെയ്യുന്ന യാതൊരുത്തരവും കേന്ദ്രസർക്കാർ പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) കേന്ദ്രസർക്കാർ, ലിഖിതമായി കാരണങ്ങൾ രേഖപ്പെടുത്തുകയും ഔദ്യോഗിക ഗസറ്റിൽ ഒരു വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തശേഷം, ആറുമാസത്തിലധികമാകാത്ത ഒരു കാലയളവിലേക്ക് ബോർഡിനെ വിസ്ഥാപനം ചെയ്യാവുന്നതാണ്:

എന്നാൽ, വിസ്ഥാപനം ചെയ്യലിന്റെ കാലയളവ് അവസാനിക്കുന്നതിൻമേൽ കേന്ദ്രസർക്കാരിന്, 3-ാം വകുപ്പിനനുസൃതമായി ബോർഡ് വീണ്ടും രൂപീകരിക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പുപ്രകാരം വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിൻമേൽ,—

(ക) ബോർഡിലെ എല്ലാ അംഗങ്ങളും, വിസ്ഥാപനം ചെയ്യപ്പെട്ട തീയതിയിൽ അവരുടെ ഉദ്യോഗ കാലാവധി അവസാനിച്ചിട്ടില്ലെങ്കിലും,

അങ്ങനെയുള്ള അംഗങ്ങളായുള്ള അവരുടെ ഉദ്യോഗം ഒഴിയേണ്ടതാണ്,

(ഖ) ഈ ആക്റ്റിലെ വ്യവസ്ഥകളാലോ വ്യവസ്ഥകൾ പ്രകാരമോ ട്രസ്റ്റോ ട്രസ്റ്റിനു വേണ്ടിയോ വിനിയോഗിക്കുന്നതോ നിർവഹിക്കാവുന്നതോ ആയ എല്ലാ അധികാരങ്ങളും കർത്തവ്യങ്ങളും വിസ്ഥാപനം ചെയ്യലിന്റെ കാലയളവിൽ, കേന്ദ്രസർക്കാർ നിർദ്ദേശിക്കുന്ന അങ്ങനെയുള്ള ആളോ ആളുകളോ വിനിയോഗിക്കേണ്ടതും നിർവഹിക്കേണ്ടതും ആകുന്നു.

(4) (2)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന വിസ്ഥാപനത്തിന്റെ കാലയളവ് അവസാനിക്കുമ്പോൾ, കേന്ദ്രസർക്കാരിന്,—

(ക) വിസ്ഥാപനം ചെയ്യലിന്റെ മൊത്തം കാലയളവ് ആറ് മാസത്തിൽ കവിയാത്തവിധം, അത് ആവശ്യമെന്ന് കരുതുന്ന അങ്ങനെയുള്ള അധിക കാലയളവിലേക്ക് വിസ്ഥാപനം ചെയ്യലിന്റെ കാലയളവ് നീട്ടുകയോ; അല്ലെങ്കിൽ

(ഖ) 3-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ ബോർഡ് വീണ്ടും രൂപീകരിക്കുകയോ,

ചെയ്യാവുന്നതാണ്.

30. ***ആദായത്തിൻമേലുള്ള നികുതിയിൽനിന്നും ഒഴിവാക്കൽ.***—ആദായനികുതി ആക്റ്റ്, 1961 (1961-ലെ 43)-ലോ, ആദായത്തിൻമേലോ ലാഭത്തിൻമേലോ നേട്ടത്തിൻമേലോ ഉള്ള നികുതി സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ, എന്തുതന്നെ അടങ്ങിയിരുന്നാലും, ട്രസ്റ്റിന് ആദായനികുതിയോ അതിനു ലഭിച്ച ആദായത്തെയോ ലാഭത്തെയോ നേട്ടത്തെയോ സംബന്ധിച്ച് മറ്റേതെങ്കിലും നികുതിയോ നൽകുന്നതിന് ബാദ്ധ്യതയുണ്ടായിരിക്കുന്നതല്ല.

31. ***ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം.***—കേന്ദ്രസർക്കാരിനോ, ട്രസ്റ്റിനോ, ബോർഡിലെ ഏതെങ്കിലും അംഗത്തിനോ, മുഖ്യ നിർവാഹക ആഫീസർക്കോ, ട്രസ്റ്റിലെ ഏതെങ്കിലും ആഫീസർക്കോ മറ്റ് ജീവനക്കാരനോ, ഈ ആക്റ്റ് പ്രകാരമുള്ള കർത്തവ്യങ്ങൾ നിർവഹിക്കുന്നതിന് ബോർഡ് അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ആൾക്കോ ഉത്തമവിശ്വാസപൂർവ്വം എന്തെങ്കിലും ചെയ്യുന്നതുകൊണ്ട് ഉണ്ടായതോ ഉണ്ടാകാൻ ഇടയുള്ളതോ ആയ ഏതെങ്കിലും നഷ്ടത്തിനോ നാശനഷ്ടത്തിനോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമനടപടിയോ നിലനിൽക്കുന്നതല്ല.

*വിശദീകരണം.*—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കുവേണ്ടി, "ഉത്തമവിശ്വാസം" എന്ന പദപ്രയോഗത്തിന് ഇൻഡ്യൻ ശിക്ഷാ നിയമസംഹിത, 1860 (1860-ലെ 45)-ൽ അതിന് കൊടുത്തിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

32. ***ട്രസ്റ്റിലെ ചെയർപേഴ്സണും അംഗങ്ങളും ആഫീസർമാരും പബ്ലിക് സെർവന്റുമാരായിരിക്കുമെന്ന്.***—ട്രസ്റ്റിലെ എല്ലാ അംഗങ്ങളും മുഖ്യ നിർവാഹക ആഫീസറും മറ്റ് ആഫീസർമാരും ജീവനക്കാരും, ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകളനുസരിച്ച് പ്രവർത്തിക്കുകയോ പ്രവർത്തിക്കാൻ ഉദ്ദേശിക്കുകയോ ചെയ്യുമ്പോൾ, ഇൻഡ്യൻ ശിക്ഷാ നിയമസംഹിത, 1860 (1860-ലെ 45)-ലെ 21-ാം വകുപ്പിന്റെ അർത്ഥത്തിനുള്ളിൽ വരുന്ന പബ്ലിക് സെർവന്റ് ആയി കരുതപ്പെടേണ്ടതാണ്.

33. ***പ്രത്യായോജനം ചെയ്യൽ.***—ബോർഡിന്, പൊതുവായതോ പ്രത്യേകിച്ചുള്ളതോ ആയ ലിഖിതമായ ഉത്തരവുപ്രകാരം ട്രസ്റ്റിന്റെ ചെയർപേഴ്സണോ ഏതെങ്കിലും അംഗത്തിനോ ഏതെങ്കിലും ആഫീസർക്കോ മറ്റേതെങ്കിലും ആൾക്കോ ഉത്തരവിൽ വിനിർദ്ദേശിക്കുന്ന അങ്ങനെയുള്ള ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി, എന്തെങ്കിലും ഉണ്ടെങ്കിൽ, അതിന് ആവശ്യമെന്ന് തോന്നുന്ന ഈ ആക്റ്റ് പ്രകാരമുള്ള അങ്ങനെയുള്ള അതിന്റെ അധികാരങ്ങൾ (35-ാം വകുപ്പുപ്രകാരം റഗുലേഷനുകൾ ഉണ്ടാക്കുന്നതിനുള്ള അധികാരം ഒഴികെ) പ്രത്യായോജനം ചെയ്യാവുന്നതാണ്.

34. **ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.**—(1) കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരങ്ങളുടെ സാമാന്യതക്ക് ഭംഗം വരാത്ത വിധത്തിൽ, അങ്ങനെയുള്ള ചട്ടങ്ങളിൽ, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 3-ാം വകുപ്പ് (4)-ാം ഉപവകുപ്പ് (ഖ) ഖണ്ഡപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനയെ പ്രതിനിധീകരിക്കുന്ന ആളുകളെ തെരഞ്ഞെടുക്കേണ്ട നടപടിക്രമം;

(ഖ) 4-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം ചെയർപേഴ്സന്റെയും അംഗങ്ങളുടെയും സേവന വ്യവസ്ഥകൾ;

(ഗ) 4-ാം വകുപ്പ് (6)-ാം ഉപവകുപ്പുപ്രകാരം ബോർഡിന്റെ യോഗങ്ങളിലെ കാര്യനിർവഹണ നടപടിച്ചട്ടങ്ങൾ;

(ഘ) 8-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം മുഖ്യ നിർവാഹക ആഫീസറുടെ അധികാരങ്ങളും കർത്തവ്യങ്ങളും;

(ങ) 14-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം രക്ഷാകർത്തൃത്വത്തിനുവേണ്ടി രജിസ്റ്റർ ചെയ്യപ്പെട്ട സംഘടന സമർപ്പിക്കേണ്ട അപേക്ഷയുടെ ഫാറം;

(ച) 17-ാ വകുപ്പു പ്രകാരം ഒരു രക്ഷാകർത്താവിനെ നീക്കം ചെയ്യുന്നതിനുള്ള നടപടിക്രമം;

(ഛ) 23-ാം വകുപ്പുപ്രകാരം ട്രസ്റ്റ്, കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കേണ്ട ബജറ്റിന്റെ ഫാറവും സമയവും;

(ജ) 24-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം അക്കൗണ്ടുകളുടെ വാർഷിക വിവരണ പത്രിക സൂക്ഷിക്കേണ്ട ഫാറം;

(ഝ) 25-ാം വകുപ്പുപ്രകാരം തയ്യാറാക്കേണ്ടതും അയച്ചുകൊടുക്കേണ്ടതുമായ വാർഷിക റിപ്പോർട്ടുകളുടെ ഫാറവും സമയവും;

(ഞ) നിർണ്ണയിക്കപ്പെടാൻ ആവശ്യപ്പെടുന്നതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും സംഗതി.

35. ***റഗുലേഷനുകൾ ഉണ്ടാക്കുവാനുള്ള അധികാരം.***—(1) ബോർഡിന്, കേന്ദ്രസർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ഈ ആക്റ്റിന്റെ ആവശ്യങ്ങൾ സാമാന്യമായി നടപ്പാക്കുന്നതിന് ഈ ആക്റ്റിനും ചട്ടങ്ങൾക്കും സംഗതമായ റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതക്ക് ഭംഗം വരാത്ത വിധത്തിൽ, അങ്ങനെയുള്ള റഗുലേഷനുകളിൽ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 3-ാം വകുപ്പ് (5)-ാം ഉപവകുപ്പുപ്രകാരം ഒരാളെ സഹകരിപ്പിക്കേണ്ട രീതിയും ഉദ്ദേശ്യവും;

(ഖ) 4-ാം വകുപ്പ് (6)-ാം ഉപവകുപ്പുപ്രകാരം ബോർഡ് യോഗം ചേരേണ്ട സ്ഥലവും സമയവും;

(ഗ) 8-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം ട്രസ്റ്റിന്റെ മുഖ്യ നിർവാഹക ആഫീസറുടെയും മറ്റ് ആഫീസർമാരുടെയും ജീവനക്കാരുടെയും സേവനത്തിന്റെ നിബന്ധനകളും ഉപാധികളും;

(ഘ) 12-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം രജിസ്ട്രേഷനുള്ള അപേക്ഷ സമർപ്പിക്കേണ്ട ഫാറവും രീതിയും ആ ഉപവകുപ്പുപ്രകാരം അപേക്ഷയിൽ അടങ്ങിയിരിക്കേണ്ട വിവരങ്ങളും;

(ങ) 14-ാം വകുപ്പ് (4)-ാം ഉപവകുപ്പുപ്രകാരം രക്ഷാകർത്തൃത്വത്തിനുവേണ്ടിയുള്ള അപേക്ഷ തദ്ദേശതല സമിതി സ്വീകരിക്കേണ്ടതും നടപടിക്കെടുക്കേണ്ടതും തീർപ്പാക്കേണ്ടതുമായ രീതി;

(ച) 14-ാം വകുപ്പ് (5)-ാം ഉപവകുപ്പു പ്രകാരം അപേക്ഷകളുടെയും അതിൻമേൽ തദ്ദേശതലസമിതി പാസ്സാക്കിയ ഉത്തരവുകളുടെയും വിവരങ്ങൾ;

(ഛ) 19-ാം വകുപ്പു പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനകളുടെ ഫണ്ട് നൽകുന്നതിനു മുമ്പുള്ള സ്ഥിതി വിലയിരുത്തുന്നതിനുവേണ്ട നടപടിക്രമവും അങ്ങനെയുള്ള രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനയുടെ പ്രവർത്തനങ്ങളെ തുടർച്ചയായി നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും വേണ്ട മാർഗ്ഗരേഖകൾ തയ്യാറാക്കലും;

(ജ) 20-ാം വകുപ്പ് (2)-ഉം (3)-ഉം ഉപവകുപ്പുകൾ പ്രകാരം വാർഷിക പൊതുയോഗത്തിന് നോട്ടീസ് അയയ്ക്കേണ്ട സമയവും അങ്ങനെയുള്ള യോഗത്തിന്റെ കോറവും;

(ഝ) റഗുലേഷനുകൾ പ്രകാരം വ്യവസ്ഥ ചെയ്യപ്പെടാൻ ആവശ്യപ്പെടുന്നതോ വ്യവസ്ഥ ചെയ്യപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും സംഗതി.

36. ***ചട്ടങ്ങളും റഗുലേഷനുകളും പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന്.***—ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും ഏതൊരു റഗുലേഷനും അത് ഉണ്ടാക്കിയതിനുശേഷം, ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുമ്പാകെ ഒരു സമ്മേളനത്തിലോ രണ്ടോ അതിലധികമോ തുടർച്ചയായുള്ള സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായ സമ്മേളനങ്ങൾക്കോ തൊട്ടു പിന്നീട് വരുന്ന സമ്മേളനം കഴിയുന്നതിനുമുമ്പ് ഇരു സഭകളും ആ ചട്ടത്തിലോ റഗുലേഷനിലോ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടമോ റഗുലേഷനോ ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ അതിനുശേഷം, ആ ചട്ടത്തിനോ റഗുലേഷനോ, അതത്സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ഈ ചട്ടത്തിന്റെയോ റഗുലേഷന്റെയോ കീഴിൽ മുമ്പ് ചെയ്യപ്പെട്ടിട്ടുള്ള ഏതിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കുന്നതാണ്.

---